**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2504** **13-09-2023 - ൽ മറുപടിയ്ക്ക്**

**ചാവക്കാട് നഗരസഭയിൽ പങ്കാളിത്ത വ്യവസ്ഥയിൽ പാർപ്പിട സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ചാവക്കാട് നഗരസഭയിൽ പങ്കാളിത്ത വ്യവസ്ഥയിൽ പാർപ്പിട സമുച്ചയം നിർമ്മിക്കാൻ നഗരസഭ നൽകിയ അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പ്രസ്തുത നിയോജക മണ്ഡലത്തിൽ ചാവക്കാട് മുൻസിപ്പാലിറ്റിയിൽപ്പെട്ട മണത്തല വില്ലേജിൽ സർവ്വേ നമ്പർ 75/3- ൽപ്പെട്ട 50 സെന്റ് സ്ഥലത്ത് പങ്കാളിത്ത വ്യവസ്ഥയിൽ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിന് നഗരസഭ ലൈഫ് മിഷനെ സന്നദ്ധത അറിയിച്ചിരുന്നു. ഇതിലേയ്ക്ക് ആവശ്യമായി വരുന്ന ആകെ തുകയുടെ 71% തുക ലൈഫ് മിഷൻ നൽകണമെന്നാണ് നഗരസഭയുടെ ആവശ്യം. എന്നാൽ പങ്കാളിത്ത വ്യവസ്ഥയിൽ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിന് ലൈഫ് മിഷൻ 50% തുകയാണ് അനുവദിച്ചു നൽകുന്നത്. ആയതിനാൽ പ്രൊപ്പോസലിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) | തൃശ്ശൂർ ജില്ലയിൽ നിലവിൽ പങ്കാളിത്ത വ്യവസ്ഥയിൽ പാർപ്പിട സമുച്ചയം നിർമ്മിക്കാൻ പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | പാർപ്പിട സമുച്ചയം നിർമ്മിക്കാനായി പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ